(ഡി) 1958-ലെ മണിലെൻഡിംഗ് നിയമം വകുപ്പ് 7 ഉപവകുപ്പ് (1) പ്രകാരം കൊമേഴ്സ്യൽ ബാങ്കുകൾ ഈടാക്കുന്ന പലിശ നിരക്കിൽ നിന്നും 2 ശതമാനത്തിൽ കൂടുതൽ പലിശ സ്വകാര്യ പണമിടപാടുകാർ ഈടാക്കുവാൻ പാടുള്ളതല്ല. പ്രസ്തുത നിയമം വകുപ്പ് 11 പ്രകാരം അക്കൗണ്ടിൽ കാണിച്ചിരിക്കുന്നതിനേക്കാൾ കുറഞ്ഞ തുക കടം നൽകുകയോ കൂടുതൽ പലിശ ഈടാക്കുകയോ ചെയ്താൽ അത് 6 മാസം തടവോ ആയിരം രൂപ പിഴയോ രണ്ടും കൂടിയോ ശിക്ഷ ലഭിക്കാവുന്ന കുറ്റമാണ്.

(ഇ) 2004-ലെ ധനകാര്യ ബില്ലിൽ മണിലെൻഡേഴ്സ് നിയമം വകുപ്പ് 7 ഉപവകുപ്പ് (1)-ൽ വരുത്തിയ ഭേദഗതി പ്രകാരം കാലാകാലങ്ങളിൽ വിജ്ഞാപനം മുഖേന പലിശനിരക്ക് നിയന്ത്രിക്കുവാനുള്ള അധികാരം സർക്കാരിനുണ്ട്.

(എഫ്) ഇപ്പോൾ ഉദ്ദേശിക്കുന്നില്ല.

ചിട്ടി നിയമത്തിൽ മാറ്റം വരുത്തൽ

32 [2001] ശ്രീ. വി. കെ. ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ ചിട്ടി നിയമത്തിൽ മാറ്റം വരുത്തുവാൻ ആലോചിക്കുന്നുണ്ടോ;

(ബി) എങ്കിൽ എന്തെല്ലാമാണ് എന്നറിയിക്കാമോ;

(സി) ഇത് കെ.എസ്.എഫ്.ഇ.-യെ എപ്രകാരം ബാധിക്കും എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ—സി) ഇക്കാര്യം സർക്കാർ പരിശോധിച്ചുവരുന്നു.

കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ ശാഖകൾവഴി വ്യാജവായ്പ

33 [2002] ശ്രീ. റോഷി അഗസ്റ്റിൻ:

,, തോമസ് ചാഴികാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ഫൈനാൻഷ്യൽ കോർപ്പറേഷന്റെ വിവിധ ശാഖകൾവഴി വ്യാജ വായ്പകൾ നൽകി തട്ടിപ്പ് നടത്തിയ വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) എങ്കിൽ ഇത് സംബന്ധിച്ച് വിജിലൻസ് അന്വേഷണം നടത്തിയിട്ടുണ്ടോ;

(സി) ഏതെല്ലാം ശാഖകളിലാണ് അന്വേഷണം നടന്നിട്ടുള്ളത്;

(ഡി) അന്വേഷണം വ്യാപിപ്പിക്കാൻ നടപടി സ്വീകരിക്കുമോ;

(ഇ) ഇത്തരം തട്ടിപ്പ് തടയുന്നതിന് ഓഡിറ്റിംഗ് ഫലപ്രദമാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) കേരള ഫൈനാൻഷ്യൽ കോർപ്പറേഷന്റെ ചില ശാഖകൾവഴി നൽകിയ വായ്പകളിൽ തട്ടിപ്പ് നടന്നിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഇത് സംബന്ധിച്ചുള്ള വിജിലൻസ് അന്വേഷണം നടന്നുവരികയാണ്.

(സി) കേരള ഫൈനാൻഷ്യൽ കോർപ്പറേഷന്റെ തിരുവനന്തപുരം, കോട്ടയം, പത്തനംതിട്ട, ഇടുക്കി, കണ്ണൂർ, തൃശ്ശൂർ എന്നീ ശാഖകളിൽ നിന്നും എടുത്തിട്ടുള്ള ചില വായ്പകളെ സംബന്ധിച്ച് അന്വേഷണം നടന്നുവരികയാണ്.

(ഡി) കൂടുതൽ ആരോപണങ്ങൾ ഉണ്ടെങ്കിലും ഇപ്പോൾ നടന്നുവരുന്ന അന്വേഷണത്തിൽ കൂടുതൽ ജില്ലകളിൽ കൂടി അന്വേഷണം വ്യാപിക്കേണ്ടത് ആവശ്യമായി വരികയാണെങ്കിലും അന്വേഷണം മറ്റു ജില്ലകളിൽ കൂടി വ്യാപിപ്പിക്കുന്നതാണ്.

(ഇ) തട്ടിപ്പ് തടയുന്നതിന് ഓഡിറ്റിംഗ് ഫലപ്രദമാക്കുവാൻവേണ്ടി കെ.എഫ്.സി.-യുടെ ഇന്റേണൽ ആഡിറ്റ് ആന്റ് ഇൻസ്പെക്ഷൻ വിഭാഗം ശക്തിപ്പെടുത്തുകയും ഫലപ്രദമായ ഓഡിറ്റ് നടത്തുന്നതിനുള്ള നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്.

കേരള ഫിനാൻഷ്യൽ കോർപ്പറേഷനിലെ ജപ്തി നടപടികൾ

34 [2003] ശ്രീ. കെ. രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കേരളാ ഫിനാൻഷ്യൽ കോർപ്പറേഷനിൽ ചെറുകിട വ്യവസായ വായ്പാ കുടിശ്ശികയുടെ പേരിൽ എത്ര ജപ്തി നടപടികൾ സ്വീകരിച്ചുവെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത ജപ്തി നടപടികൾക്ക് വിധേയരായവർ എത്ര പേർ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയിലൂടെ കുടിശ്ശിക തുക അടച്ചുതീർത്തുവെന്ന് വ്യക്തമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly